# THE CHURCH WEEKLY

ചർച്ചുവീക്കിലി — ഒററപ്രതി 2.ണ

വാല്യം X | 1956 നവംബർ 25 ഞായർ ... | ലക്കം 46

**Editorial**

## പ്രമാദമുള്ള വാദമുഖങ്ങൾ

“അപ്രമാദിത്വമുള്ള പ്രമാദങ്ങൾ” എന്ന ഞങ്ങളുടെ മുഖപ്രസംഗത്തെപ്പററി സത്യദീപം, സത്യസഭാകാഹളം എന്നീ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ദീർഘമായ വിമർശനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ആ വിഷയത്തിലേക്കു ഞങ്ങൾ ഒന്നുകൂടെ പ്രവേശിക്കുകയാണ്.

ഞങ്ങളുടെ വാദമുഖങ്ങളെ എതിക്കാൻ പ്രയാസം തോന്നുമ്പോൾ അവയെ മറുപടി പറയാൻ എളുപ്പത്തിനു വേണ്ടി വ്യത്യാസപ്പെടുത്തുകയോ അവയുടെ നേരെ കണ്ണടയ്ക്കുകയോ ആണ് ഈ പത്രങ്ങൾ ചെയ്തിട്ടുള്ളതെന്നു വ്യക്തമാണ്. അപ്രമാദിത്വപ്രശ്നം ആദ്യം എടുക്കാം: “മാർപ്പാപ്പാ തെററു പ്രഖ്യാപിക്കുന്നതിനു ദൈവം അനുവദിക്കുകയില്ല എന്നു ചർച്ചുവീക്കിലി പറയുന്നു” എന്നു പ്രസ്താവിച്ചശേഷം “മാർപ്പാപ്പാ പറയുന്ന ഏതും പ്രമാദരഹിതമായിരിക്കുമെന്നു കത്തോലിക്കാസഭ വിശ്വസിക്കുന്നില്ല” എന്നെല്ലാം ദീർഘമായി സത്യദീപം പ്രസംഗിക്കുന്നു. മറുപടി പറയാൻ എളുപ്പത്തിനുവേണ്ടി ഞങ്ങളുടെ ഒരു വാചകം അപൂർണ്ണമായി ഉദ്ധരിക്കുകയാണ് ഇവർ ചെയ്തിരിക്കുന്നതു്! സഭാതലവൻ എന്ന നിലയിൽ വിശ്വാസം, സന്മാർഗ്ഗം ഇവ സംബന്ധിച്ചു മാർപ്പാപ്പാ പ്രഖ്യാപനങ്ങൾ ചെയ്യുമ്പോൾ തെററു പഠിപ്പിക്കുന്നതിനു ദൈവം അദ്ദേഹത്തെ അനുവദിക്കുകയില്ലെന്നു കത്തോലിക്കർ വിശ്വസിക്കുന്നുഎന്നാണ് ഞങ്ങൾ പറഞ്ഞിരുന്നതു്. അതിനു തൃപ്തികരമായി മറുപടി പറയാനുള്ള കഴിവുകേടുകൊണ്ടായിരിക്കണമല്ലോ മേൽ കാണിച്ച അടവു് സത്യദീപം എടുത്തതു്. ഈ ഒളിച്ചുകളിക്കു് ഒരുദാഹരണംകൂടെ. എല്ലാ അപ്പോസ്തോലന്മാർക്കും അപ്രമാദിത്വമുണ്ടായിരുന്നു എന്നു കത്തോലിക്കർ വിശ്വസിക്കുന്നു എന്നും വി. പത്രോസിന്റെ അപ്രമാദിത്വവരം റോമായിലെ ബിഷപ്പന്മാർക്കു കിട്ടിയെന്നു പറയുന്നതുപോലെ മററു് അപ്പോസ്തോലന്മാരുടെ അപ്രമാദിത്വം അവർ സ്ഥാപിച്ചതോ മരിച്ചതോ ആയ സ്ഥലങ്ങളിലെ പിന്തുടർച്ചക്കാർക്കു ലഭിച്ചതായി സമ്മതിക്കേണ്ടിവരുമെന്നും അങ്ങനെയെങ്കിൽ അപ്രമാദിത്വമുള്ള വിവിധ സ്ഥലങ്ങളിലെ തലവന്മാർ പറയുന്ന കാര്യങ്ങൾ പരസ്പരവിരുദ്ധങ്ങളാകുന്നതു് എങ്ങനെയെന്നും ഞങ്ങൾ ചോദിച്ചിരുന്നു. അതിനു സത്യദീപത്തിന്റെ മറുപടി, മാർപ്പാപ്പാമാരുടെ പഠിപ്പിക്കലുകൾ പരസ്പരവിരുദ്ധങ്ങളല്ലെന്നാണ്. പേരെന്താണെന്നു ചോദിച്ചാൽ വയസ്സു പതിനഞ്ചായി എന്നു പറയുന്നതുപോലെയാണിതു്. മാർപ്പാപ്പാമാരുടെ പഠിപ്പിക്കലുകൾ ഒരുപോലെയാണെന്നു പറയുന്നതുതന്നേ ചരിത്രത്തിന്റെ വെളിച്ചത്തിൽ പൊള്ളയായ വാദമാണെന്നു ഞങ്ങൾ പിന്നാലെ കാണിക്കാം.

മാർപ്പാപ്പാമാർ ഇതുവരെ എത്ര അപ്രമാദിത്വ പ്രഖ്യാപനങ്ങൾ ചെയ്തിട്ടുണ്ട് എന്നുള്ളതിനെപ്പററി കത്തോലിക്കാ പണ്ഡിതന്മാരുടെ ഇടയിൽ സാരമായ അഭിപ്രായവ്യത്യാസമുണ്ട് എന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നതിനെപ്പററി സത്യദീപം അല്പമെങ്കിലും പ്രകാശനം നൽകുകയോ സത്യസഭാകാഹളം ഒരു ചെറിയ ശബ്ദമെങ്കിലും പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. സമാധാനം പറയാനില്ലെങ്കിൽ ചോദ്യംകേട്ടില്ലെന്നു നടിക്കുന്നതു സൗകര്യമായി ഇവർ കരുതുന്നുണ്ടാവണം.

മാർപ്പാപ്പായുടെ അപ്രമാദിത്വത്തെ തെളിയിക്കാൻ മേല്പറഞ്ഞ പത്രങ്ങൾ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ ഇവിടെ പരിശോധിക്കാം. അപ്രമാദിത്വ വാദത്തിന്റെ ഒരർത്ഥം സകല മനുഷ്യർക്കും ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യം (Free will) മാർപ്പാപ്പായിൽനിന്നു എടുത്തുകളയുന്നു എന്നതാണ് എന്നു ഞങ്ങൾ പറഞ്ഞിരുന്നു. അതിനുള്ള സത്യദീപത്തിന്റെ മറുപടി കേട്ടാലും.

(1) “ഈ മാനദണ്ഡം വച്ചു നോക്കുകയാണെങ്കിൽ ദൈവനിവേശത്തോടുകൂടി വിശുദ്ധ ഗ്രന്ഥങ്ങളെഴുതിയ സുവിശേഷകന്മാർക്കു ഇച്ഛാസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ലെന്നു വാദിക്കേണ്ടിവരും.”

(2) “ഓർത്തഡോക്സ് സഭയിലെ കാതോലിക്കാബാവാ ഒരു സംഗതി ദൈവപ്രോക്തമാണെന്നു പ്രസ്താവിക്കുമ്പോൾ ആ അവസരത്തിൽ ഇച്ഛാസ്വാതന്ത്ര്യം അദ്ദേഹത്തിൽ നിന്നെടുത്തുകളയുന്നു എന്നു വാദിക്കേണ്ടിവരും.”

സുവിശേഷകന്മാരുടെ കാര്യം ആദ്യം എടുക്കാം. സുവിശേഷകന്മാരുടെ അപ്രമാദിത്വംകൊണ്ടല്ല സുവിശേഷങ്ങൾ സഭയിൽ സ്വീകരിക്കപ്പെട്ടതു്. സഭയുടെ വിശ്വാസത്തെയും അറിവിനെയും അവർ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തതു്. സഭയുടെ പൊതു മനോഭാവവും കൗൺസിലുകളുമാണ് ദൈവനി

M. Reg: No. 5286 Licence No. 498

# ചർച്ചുവീക്കിലി

*entered into the ears of the Lord of Hosts.*

It is not only delay in the payment of wages that is wicked, but in the payment of other debts as well, particularly when the creditor is a poorer man than the debtor. And it is not merely a matter between two men, but God also is interested, and sees how we treat our neighbours, and so how we deserve to be treated ourselves.

**Trustees**

Christian law says that any money given in deposit can only be used for the purposes for which it is given. If a man deposits money with a bank, the bank is entitled to use the money in the ordinary course of its business, and make a profit by its use, provided that it pays back the amount when it is due. But often money is deposited with a person as a trustee for a particular purpose, even though that exact word may not always be used. Then that money may be used only for that purpose, and any other use of it is a breach of trust.

It often happens that people collect money for some charitable purpose; if that money is in their possession it is very wrong for them to use it for their own purposes, even if they fully intend to pay it back. And, of curse, for the treasurer of any organization to retain any of that organization's funds in his own possession or control after he has ceased to be treasurer is quite wrong, and dishonest (though not quite so dishonest as spending the money for himself and not being able to pay it back).

The English law relating to Trustees lays down very clearly how careful they are to be in their dealings with trust property, and if by their negligence any loss occurs, they are to make that loss good at their own expense. Suppose a man is given a sum of money on trust to invest it in Government stock and to pay the interest to some other person. If instead of investing it, he uses the money for gambling, and loses it he must make good the loses; that is obvious enough. But if he wins, not only the capital sum and the interest which would have been earned if it had been properly invested, but the winnings of the gambling also are to be paid over to the benefit of the trust. The money did not belong absolutely to the trustee, and he only held it on certain conditions; so it is not right for him to make any private profit out of the trust money. This expresses the true Christian principle.

**Character**

The way in which a man deals with money, whether his own or other peoples, is a reliable index of his character. Jesus Christ said, *"Ye cannot serve God and, mammon"* (Luke 16.13) *mammon* is an Aramaic word meaning 'wealth is to be our master or our servant; if the latter, then it can be a great help to us in our service of God and our neighbour. But if we let it become our master, seeking always how we may increase our wealth, seeking always how we may use our wealth for our own selfish purposes, then it will effectively kill our service of God. To take reasonable care of our money, and to work for a living is right and proper; if most people neglect that, then they are guilty of not using the gifts that God has given them.

If we use the wealth that God has given us whether it be little or much, for His glory and the benefit of our fellowmen, then we may hope to her His voice, *"Well done, good and faithful over a few things, I will set thee over many things; enter thou into the joy of thy Lord"* (Matthew 25.21). Religion is not purely a thing of the spirit, but of the whole life, and not least should we see that it governs our finances. [*The Epiphany*]


**ദി ബാങ്ക് ഓഫ് ന്യൂ ഇൻഡ്യാ ക്ലിപ്തം,**

H. O. തിരുവനന്തപുരം

ചെയർമാൻ—മി: കെ. ജോർജ്ജ് ബി. എ.

**ശാഖകൾ**

| | | |
|---|---|---|
| ആലപ്പുഴ | കോട്ടയം | പുനലൂർ |
| ആലുവാ | കോഴഞ്ചേരി | തിരുവല്ലാ |
| ചാത്തന്നൂർ | കുമ്പനാട്ട് | തിരുവനന്തപുരം |
| ചെങ്ങന്നൂർ | പന്തളം | വക്കം (കടയ്ക്കാവൂർ) |
| ചിറയിൻകീഴ് | പത്തനംതിട്ട | വെണ്ണിക്കുളം |
| എറണാകുളം | പെരുമ്പാവൂർ | |

**കെ. ഇ. ചെറിയാൻ**
ജനറൽ മാനേജർ.



**ചർച്ചുവീക്കിലി വരിസംഖ്യ**

**എപ്പോഴും മുൻകൂർ**

| | രൂ. | ണ. | സ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| 6 മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യക്കു വെളിയിൽ | 8 | 0 | 0 |

മാനേജർ,
ചർച്ചുവീക്കിലി, കോട്ടയം.


Printed and Published by N. M. Abraham B. A, at the Malayala Manorama Press, Kottayam.